# ആരാധനക്രമാധിഷ്ഠിത മതബോധനം

ഡോ. ആന്റണി നരികുളം

'സ്വയം വെളിപ്പെടുത്തുന്ന മതബോധനക്കളരിയാണ് ആരാധനക്രമം'. ആരാധന വിശ്വാസരഹസ്യങ്ങളുടെ ആഘോഷപൂർവ്വകമായ ആചരണമാണ്. വിശ്വാസസത്യങ്ങളുടെ അർത്ഥവും ആഴവും ആരാധകർ പഠിച്ചറിയുകതന്നെ വേണം. ആലുവാ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റും ലിറ്റർജി പ്രൊഫസറുമാണ് ഡോ. നരികുളം.

## ആമുഖം

"പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം" (Lex orandi lex credendi) എന്ന ചൊല്ല് ഇന്നും സ്വീകാര്യമായ ഒന്നാണ്; പ്രത്യേകിച്ച്, ആരാധനക്രമവും മതബോധനവും തമ്മിലുള്ള ബന്ധത്തെ പരാമർശിക്കുമ്പോൾ. ചില സഭാപിതാക്കന്മാർ മതബോധനത്തെ "ആരാധനക്രമ മതബോധനം" (liturgical Catechesis) എന്നാണല്ലോ വിളിച്ചിരുന്നത്. ഇന്ന് ധാരാളം ബോധനരീതികൾ മതബോധനരംഗത്ത് ഉപയോഗിക്കുന്നുണ്ട്. കുട്ടികളുടെ പ്രായം, ജീവിതസാഹചര്യങ്ങൾ തുടങ്ങിയവ പരിഗണിച്ചും മന:ശാസ്ത്രം, സാമൂഹികശാസ്ത്രം തുടങ്ങിയവയുടെ മാനദണ്ഡങ്ങൾ കണക്കിലെടുത്തുമാണ് പല പുതിയ ബോധനരീതികളും രൂപപ്പെടുത്തിയിരിക്കുന്നത്; അവ നല്ലതു തന്നെ. എങ്കിലും, ആരാധനക്രമത്തിലധിഷ്ഠിതമായ മതബോധനത്തിന് ഇന്നും പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നു മാത്രമല്ല, പ്രാധാന്യം വർദ്ധിച്ചിരിക്കുകയുമാണ് എന്നു പറയാം.

## ആരാധനക്രമവും മതബോധനവും

ആരാധനക്രമത്തെപ്പറ്റിയുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖ അതിന്റെ പ്രബോധനാത്മകതയെക്കുറിച്ചു പറയുന്നു: "ആരാ

ധനക്രമം സർവ്വോപരി ദൈവമഹത്ത്വത്തിനുള്ളതാണെങ്കിലും വിശ്വാസികൾക്കുള്ള വളരെയധികം പ്രബോധനങ്ങളും ഉൾക്കൊള്ളുന്നുണ്ട്. കാരണം, ആരാധനക്രമത്തിൽ ദൈവം സ്വജനത്തോടു സംസാരിക്കുന്നു; ക്രിസ്തു തന്റെ സുവിശേഷ പ്രഭാഷണം തുടർന്നുകൊണ്ടിരിക്കുന്നു. ജനങ്ങളാകട്ടെ, പ്രാർത്ഥനകളും ഗാനങ്ങളും വഴി ദൈവത്തോടു പ്രത്യുത്തരിക്കുകയും ചെയ്യുന്നു" (No.33). ഇതേ പ്രമാണരേഖയുടെ ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതത്രേ: "ക്രിസ്തുവാകുന്ന രഹസ്യവും സഭയുടെ യഥാർത്ഥ സ്വഭാവവും വിശ്വാസികൾ സ്വജീവിതത്തിൽ പകർത്തുകയും, മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുകയും ചെയ്യുന്നതിന് ഏറ്റവും കൂടുതൽ സഹായിക്കുന്നത് ആരാധനക്രമമാണ്... കർത്താവിന്റെ വിശുദ്ധാലയമായും ദൈവത്തിന്റെ ആത്മീയവാസസ്ഥാനമായും ആരാധനക്രമം സഭാംഗങ്ങളെ അനുദിനം പടുത്തുയർത്തുന്നു"(No.2). തിരുക്കർമ്മങ്ങളിൽ ലാളിത്യം തെളിഞ്ഞു നില്ക്കണമെന്നും അവ വ്യക്തമായിരിക്കണമെന്നും വിശ്വാസികളുടെ ഗ്രഹണശക്തിയിൽ ഒതുങ്ങുന്നതാകണമെന്നും (No.34) ഈ പ്രമാണരേഖ അനുശാസിക്കുന്നതിൽനിന്ന് മനസ്സിലാക്കേണ്ടത്, ഒരു പരിധിവരെ, ആരാധനക്രമം സ്വയം വെളിപ്പെടുത്തുന്ന മതബോധനക്കളരി ആകണമെന്നതാണല്ലോ. അതുകൊണ്ടാണ്, Liturgy is Catechesis in action എന്നു പറയുന്നത്.

സഭയ്ക്കു ലോകത്തിൽ ത്രിവിധദൗത്യങ്ങളാണ് നിർവഹിക്കാനുള്ളത്: ദൈവവചനം പ്രഘോഷിക്കുക, ദൈവാരാധന നടത്തുക, സ്നേഹത്തിൽ ശുശ്രൂഷചെയ്തുകൊണ്ട് സമൂഹമായി ജീവിക്കുക. മതബോധനത്തിലും ഈ മൂന്നു തലങ്ങളുണ്ടാകേണ്ടത് ആവശ്യമാണ്. അങ്ങനെ, ബൈബിൾ അധിഷ്ഠിതവും ആരാധനക്രമത്താൽ പരിപുഷ്ടവും കൂട്ടായ്മയിൽ വികസിതവുമായ സഭയെ ലക്ഷ്യം വച്ചുകൊണ്ടുവേണം മതബോധന പ്രക്രിയ സംവിധാനം ചെയ്യാൻ. അടിസ്ഥാനപരമായി, ജനങ്ങളെ ക്രിസ്തുവിനു ശിഷ്യപ്പെടുത്തി അവർക്ക് ജീവനുണ്ടാകേണ്ടതിന് യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന വിശ്വാസത്തിലേക്ക് അവരെ നയിക്കുക; അങ്ങനെ, ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ പടുത്തുയർത്തുക എന്നതാണ് മതബോധനത്തിന്റെ ഉദ്ദേശ്യമെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ എഴുതി (മതബോധനം ഇന്ന്, No.1).

മതബോധനത്തിന് ആരാധനക്രമത്തോടും കൂദാശകളോടും അഭേദ്യമായ ബന്ധമുണ്ടെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. അതുകൊണ്ട്, കൗദാശിക ജീവിതത്തെ സജീവമാക്കാൻ കെല്പില്ലാത്ത മതബോധനം വെറും ബൗദ്ധികവ്യായാമമായി തരംകെടും എന്നു മനസ്സിലാക്കണം (മതബോധനം ഇന്ന്, No. 23).

വാസ്തവത്തിൽ, മതബോധനത്തിന്റെ ഉറവിടം തന്നെ ആരാധനക്രമമാണ്. കാരണം, അതിൽ ബൈബിളും പാരമ്പര്യവും സഭാജീവിതവും ഉൾച്ചേർത്തിരിക്കുന്നു. സഭയിൽ പ്രാബല്യത്തിലിരിക്കുന്ന വൈവിധ്യമാർന്ന ആരാധനക്രമരീതികൾ സഭാപാരമ്പര്യത്തിലെ അമൂല്യസമ്പത്താണ്. അവ വിശ്വാസപാരമ്പര്യവും സാംസ്കാരിക മൂല്യങ്ങളും സമഞ്ജസമായി സമ്മേളിക്കുന്ന വേദികളാണ്. തലമുറകളായി കൈമാറിവരുന്ന ഈ സമ്പത്ത് സംരക്ഷിക്കുകയും സഭാമക്കൾക്ക് പങ്കുവച്ചുകൊടുക്കുകയും ചെയ്യുന്ന പ്രക്രിയയിൽ മതബോധനത്തിന് വളരെ പ്രധാനപ്പെട്ട ഒരു ദൗത്യം നിർവ്വഹിക്കാനുണ്ട്. ഇക്കാരണങ്ങളാലാണ് ആരാധനക്രമാധിഷ്ഠിതമായ മതബോധനം ലക്ഷ്യം വയ്ക്കണമെന്നു പറയുന്നത്.

## കർമ്മോത്സുകഭാഗഭാഗിത്വം ആരാധനക്രമത്തിൽ

ആരാധനക്രമാധിഷ്ഠിത മതബോധനത്തിന്റെ സുപ്രധാനലക്ഷ്യങ്ങളിലൊന്ന് കർമ്മോത്സുക ഭാഗഭാഗിത്വമാണ്. പ്രാർത്ഥനകൾ ക്രമബദ്ധമായി ചൊല്ലുന്നതും നന്നായി ഗീതങ്ങൾ ആലപിക്കുന്നതും മറ്റും ഭാഗഭാഗിത്വത്തിനു സഹായകമാണെങ്കിലും, ശരിയായ അർത്ഥത്തിൽ അതു മനസ്സിലാക്കേണ്ടത് വേറെ ചില മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആരാധനക്രമത്തെപ്പറ്റിയുള്ള പ്രമാണരേഖ അനുസരിച്ച് മൂന്നു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. വിശ്വാസികൾ ബോധപൂർവകമായും (knowingly) സജീവമായും (actively) ഫലപ്രദമായും (fruitfully) ആരാധനക്രമത്തിൽ പങ്കെടുക്കണം (No.11). എന്താണു നടക്കുന്നതെന്ന അറിവോടും ബോധ്യത്തോടുംകൂടി പങ്കെടുക്കുന്നതിനെയാണ് ബോധപൂർവ്വകമായ ഭാഗഭാഗിത്വം എന്നു പറയുന്നത്. സജീവമായിരിക്കുക എന്നാൽ ഉറക്കെ പാടുന്നതോ പ്രാർത്ഥിക്കുന്നതോ മാത്രമല്ല, 'ജീവൻ നല്കാൻ പോരുന്ന' രീതിയിൽ പങ്കെടുക്കുകയുമാണ്. അപ്പോൾ ഭാഗഭാഗിത്വം ഫല

പ്രദമായിത്തീരും. ഫലപ്രദമായിരിക്കുക എന്നു പറയുമ്പോൾ കൂദാശകളുടെയും മറ്റ് ആരാധനക്രമാനുഷ്ഠാനങ്ങളുടെയും ലക്ഷ്യം എന്താണോ അതു സാധിക്കുക എന്നാണർത്ഥം. അവയുടെ ലക്ഷ്യം മനുഷ്യന്റെ നിത്യരക്ഷയാണല്ലോ. ഇതു സാധിക്കണമെങ്കിൽ അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. ആ ദൗത്യം ഏറ്റെടുക്കേണ്ടത് മതബോധനവേദിയാണ്. അതിനു സഹായകമായ ചില നിർദ്ദേശങ്ങളും സൂനഹദോസ് രേഖ നല്കുന്നുണ്ട്.

ഒന്നാമതായി, വിശ്വാസികൾ അനുഗുണമായ മനോഭാവത്തോടെ ആരാധനക്രമത്തെ സമീപിക്കണം; ഏകാഗ്രചിത്തരായി അതിൽ സംബന്ധിക്കാൻ മനസ്സു വയ്ക്കണം; കർമ്മാനുഷ്ഠാനങ്ങളോടുസഹകരിക്കണം (No.11). ആരാധനക്രമത്തിൽ പങ്കെടുക്കുക എന്നത് വിശ്വാസികൾക്ക് മാമ്മോദീസായിലൂടെ ലഭിച്ചിട്ടുള്ള അവകാശവും കടമയുമാണ്. കാരണം, അവർ തെരഞ്ഞെടുക്കപ്പെട്ട് വിശുദ്ധീകരണം സ്വീകരിച്ച ജനതയും രാജകീയ പൗരോഹിത്യമുള്ളതും രക്ഷിക്കപ്പെട്ടതുമായ ജനവുമാണ് (1പത്രോ1:9; 2:4-5). വിശ്വാസികൾക്ക് യഥാർത്ഥമായ ക്രൈസ്തവചൈതന്യം ആർജ്ജിക്കാനുള്ള പ്രഥമമായ ഉറവിടം ആരാധനക്രമമായതുകൊണ്ട് ആത്മപാലകർ ഇക്കാര്യത്തിൽ ശ്രദ്ധയും തീക്ഷ്ണതയുമുള്ളവരായിരിക്കണമെന്ന സൂനഹദോസ് പ്രബോധനം പ്രാധാന്യമർഹിക്കുന്നു (No.14). ഇടയനടുത്ത എല്ലാ പ്രവർത്തനങ്ങളിലും ആത്മപാലകർ വിശ്വാസികൾക്ക് ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കി ഈ ലക്ഷ്യം സാധിക്കാൻ ഉത്സാഹിക്കണമെന്നാണ് ആഹ്വാനം. തന്മൂലം ആത്മപാലകർ ആരാധനക്രമങ്ങൾ അനുഷ്ഠിക്കുമ്പോൾ അവ സാധുവായും നൈയാമികമായും മാത്രം നിർവഹിച്ചാൽ പോരാ എന്നാണ് നിഷ്ക്കർഷിച്ചിരിക്കുന്നത് (No.11). തിരുക്കർമ്മാനുഷ്ഠാനനേരത്തു തങ്ങൾ ചെയ്യുന്നതെന്തെന്നു നന്നായി ഗ്രഹിക്കാൻ അവസരോചിതമായ എല്ലാ മാർഗ്ഗങ്ങളുംവഴി ജനങ്ങളെ സഹായിക്കണം. അതുപോലെതന്നെ, ആരാധനക്രമാധിഷ്ഠിതമായ ജീവിതം നയിക്കാനും തങ്ങളുടെ കീഴിലുള്ള വിശ്വാസികൾക്ക് അതു പകർന്നുകൊടുക്കാനും പറ്റിയ മാർഗ്ഗങ്ങൾ അവർ കണ്ടെത്തണം (No.18). ചുരുക്കത്തിൽ, ആരാധനക്രമത്തിന്റെ അന്ത:സത്തക്കും ലക്ഷ്യത്തിനും യോജിച്ചവിധത്തിലുള്ള ബോധനം വിശ്വാസികൾക്കു നല്കുന്നതിൽ സഭ ശ്രദ്ധാലുവാണെന്നും, അതിൽ ആത്മപാലകർക്ക് ഒഴിച്ചുകൂടാനാവാത്ത വലിയ ഉത്തരവാദിത്വം ഉണ്ടെന്നും സിദ്ധിക്കുന്നു.

## അടയാളങ്ങൾ ആരാധനക്രമത്തിൽ

ഈ ബോധനം സാധ്യമാകണമെങ്കിൽ ആരാധനക്രമത്തെപ്പറ്റി ശരിയായ അറിവ് ബന്ധപ്പെട്ടവർക്ക് ലഭ്യമാകണം. അദൃശ്യമായ ദൈവികരഹസ്യങ്ങൾ കൈകാര്യം ചെയ്യുന്ന മേഖലയാണല്ലോ ആരാധനക്രമത്തിന്റേത്. ഈ രഹസ്യങ്ങൾ ദൃശ്യമായ രീതിയിലേ മനുഷ്യർക്ക് പരികർമ്മം ചെയ്യാനും ഉൾക്കൊള്ളാനും കഴിയൂ. അതുകൊണ്ടാണ് ദൃശ്യമായ പ്രതീകങ്ങളും അടയാളങ്ങളും ഉപയോഗിച്ചുകൊണ്ട് അവ അനുഷ്ഠിക്കുന്നത്. ഈ അടയാളങ്ങളുടെ അർത്ഥവും പ്രസക്തിയും മനസ്സിലാക്കുക എന്നത് ആരാധനക്രമാധിഷ്ഠിത മതബോധനത്തിന് നിർബന്ധമായി വേണ്ട ഗുണമാണ്. പ്രതീകങ്ങൾ വെറും അടയാളങ്ങളല്ലെന്നും, അവ അദൃശ്യ യാഥാർത്ഥ്യങ്ങളുമായി നമ്മെ ബന്ധിപ്പിക്കുന്ന കണ്ണികളാണെന്നുമുള്ള സത്യം ഗ്രഹിക്കുന്നവർക്കേ ആരാധനക്രമത്തിൽ ഫലപ്രദമായി പങ്കെടുക്കാൻ കഴിയൂ. അതേസമയം, അടയാളങ്ങളുടെ കാലദേശപ്രസക്തിയെപ്പറ്റിയും അവബോധം വേണം. കാലഹരണപ്പെട്ട അടയാളങ്ങൾക്ക് അമൂല്യയാഥാർത്ഥ്യങ്ങളിലേക്ക് മനുഷ്യമനസ്സുകളെ ഉയർത്താൻ കഴിഞ്ഞെന്നു വരില്ല. ആരാധന ക്രമാനുഷ്ഠാനങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഈ വസ്തുത വിരൽ ചൂണ്ടുന്നത്. ആരാധനക്രമത്തിൽ പരിവർത്തനാതീതമായ ദൈവസ്ഥാപിതഘടകങ്ങളും ഉണ്ടെന്നും, പരിവർത്തനവിധേയമായവയിൽ കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണെന്നുമുള്ള കൗൺസിൽ പ്രബോധനം ഇത്തരുണത്തിൽ സ്മരണീയമാണ് (ആരാധനക്രമം, No.21).

## സാംസ്കാരികാനുരൂപണം

ഈ പശ്ചാത്തലത്തിൽ, സാംസ്കാരികാനുരൂപണം മതബോധനപ്രക്രിയയിൽ സവിശേഷ ശ്രദ്ധയർഹിക്കുന്നു. ആരാധനക്രമത്തിൽ കർക്കശമായ ഐക്യരൂപ്യം അടിച്ചേല്പിക്കാൻ സഭയ്ക്ക് ആഗ്രഹമില്ലെന്ന് കൗൺസിൽ അസന്നിഗ്ദ്ധമായ ഭാഷയിൽ വ്യക്തമാക്കിയിട്ടുണ്ട് (ആരാധനക്രമം, No.37). മറിച്ച്, വിവിധ സാംസ്കാരികസമൂഹങ്ങളുടെ ആദ്ധ്യാത്മിക സമ്പത്തിനെ പരിപോഷിപ്പിക്കാനും, ആവശ്യമെങ്കിൽ ആരാധനക്രമത്തിൽ ഉൾച്ചേർക്കാനുമാണ് സഭ ആഗ്രഹിക്കുന്നത്. മതബോധനത്തിൽ ഏറെ പ്രായോഗികബുദ്ധിമുട്ടുകൾക്ക് ഇടവരുത്താവുന്ന ഒരു പ്രക്രിയയാണിത്. എങ്കിലും

ആവശ്യമായത് അനുവർത്തിച്ചേ തീരൂ. ഭാഷ, അടയാളങ്ങൾ, ഗീതം, സംഗീതോപകരണങ്ങൾ, തിരുവസ്ത്രങ്ങൾ, അലങ്കാരം, കല, വാസ്തുവിദ്യ തുടങ്ങിയവ ഈ മേഖലയിൽ അവശ്യം പരിഗണിക്കേണ്ട ഘടകങ്ങളാണ്. ഇവയ്ക്ക് സഭയുടെ ഔദ്യോഗിക അംഗീകാരവുമുണ്ട് (ആരാധനാക്രമം, Nos. 119, 123). ഇക്കാര്യങ്ങൾ മറന്നുകൊണ്ടുള്ള ആരാധനക്രമാധിഷ്ഠിത മതബോധനം ഫലം പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കാനാവില്ല.

## ജീവിതബന്ധിയായ ആരാധന

ആരാധനക്രമം ദൈവികരഹസ്യങ്ങളുടെ മാത്രം ആഘോഷമാണെന്ന ധാരണ തിരുത്തുക നാം വിഭാവനം ചെയ്യുന്ന ബോധനരീതിക്ക് ആവശ്യമാണ്. ജീവിതസാഹചര്യങ്ങളിൽനിന്ന് അടർത്തി മാറ്റപ്പെട്ട ഒരു സമൂഹത്തിന് അർത്ഥവത്തായി ആരാധനക്രമം പരികർമ്മം ചെയ്യാൻ കഴിയില്ല. "പ്രാർത്ഥനയുടെ നിയമമാണ് വിശ്വാസത്തിന്റെ നിയമം" എന്ന പ്രമാണവാക്യത്തോട് മറ്റൊന്നുകൂടി ചേർക്കേണ്ടതുണ്ട്. അത് "ജീവിതത്തിന്റെ നിയമം" കൂടെയാകണം (Lex orandi lex credendi; lex vivendi). ജീവിതബന്ധിയല്ലാത്ത ആരാധനക്രമം, ആശയലോകത്തും അനുഷ്ഠാനമേഖലയിലും കുടുങ്ങിപ്പോകാനാണ് സാധ്യത. ഇന്നത്തെ പല ആരാധനക്രമാനുഷ്ഠാനങ്ങളും ഇത്തരത്തിലുള്ളവയാണെന്ന് സമ്മതിച്ചേ തീരൂ. വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്ന വ്യക്തി 'കടം തീർത്താൽ പോരാ', മുറിക്കപ്പെടാനും ചിന്തപ്പെടാനും തയ്യാറാകണം. ഒരേ അപ്പത്തിൽനിന്നു ഭക്ഷിച്ചതും ഒരേ പാത്രത്തിൽനിന്നു പാനം ചെയ്തതും കൂട്ടായ്മയിലേക്ക് നയിക്കാനാണെന്നു ഗ്രഹിക്കണം. അനുരഞ്ജനകൂദാശ, പാപങ്ങൾ മോചിക്കുക മാത്രമല്ല, ദൈവവും സഹോദരങ്ങളുമായി പുനരൈക്യപ്പെടുത്തുന്ന അനുഭവത്തിൽ എത്തിക്കുകയും വേണം. മാമ്മോദീസ ജന്മപാപവും കർമ്മപാപവും നീക്കുന്ന ക്ഷാളനം മാത്രമല്ലെന്നും, സഭയാകുന്ന ശരീരത്തിലെ അവയവയമാക്കി തീർക്കുന്ന കൂദാശയാണെന്നുമുള്ള അവബോധത്തിലേക്കു വളരണം. അപ്പോഴേ ആരാധനക്രമം ജീവിതബന്ധിയാകൂ.

ഈ മേഖലയിൽ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ് അജപാലനാവശ്യങ്ങൾ. രാജ്യങ്ങൾതോറും, പ്രദേശങ്ങൾ തോറും, രൂപതകൾ തോറും ഈ ആവശ്യങ്ങളിൽ വൈവിധ്യങ്ങളുണ്ടാകാം. ഇവ മറന്നുകൊ

ണ്ടുള്ള ബോധനരീതികൾ സമൂഹത്തിന് ഗുണകരമാകണമെന്നില്ല. ആരാധനക്രമം സഭാശരീരത്തിന്റെ 'ഹൃദയ'മാണെന്നതിൽ സംശയം വേണ്ട. പക്ഷേ, ഹൃദയം 'ശരീര'ത്തിലാണെന്ന വസ്തുത മറക്കരുത്. ശരീരത്തിന്റെ ആവശ്യങ്ങൾ (അജപാലനാവശ്യങ്ങൾ) ഹൃദയത്തെ സ്വാധീനിക്കുക തന്നെ ചെയ്യും.

## ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും

ആരാധനക്രമാധിഷ്ഠിത മതബോധനത്തിൽ ശ്രദ്ധിക്കേണ്ട മറ്റൊരു മേഖലയാണ് ഭക്താനുഷ്ഠാനങ്ങളുടേത്. നൊവേന, കൊന്ത, വിയാസാക്ര, തീർത്ഥാടനങ്ങൾ തുടങ്ങിയവ ഭക്താനുഷ്ഠാനങ്ങളിൽപ്പെടും. രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ അഭിപ്രായത്തിൽ, ഇവ പ്രോത്സാഹിപ്പിക്കപ്പെടേണ്ടവയാണ് (ആരാധനക്രമം, No.13). എന്നാൽ, അവ ആരാധനക്രമത്തിൽനിന്നു മുളയെടുക്കുന്നവയും ജനങ്ങളെ അതിലേക്ക് അടുപ്പിക്കുന്നവയും ആയിരിക്കണം കാരണം. ആരാധനക്രമം അവയെ അതിശയിക്കുന്നു. സഭയുടെ പ്രവർത്തനംതന്നെ ആരാധനക്രമമാകുന്ന അത്യുച്ചസ്ഥാനത്തേക്കാണ് തിരിഞ്ഞിരിക്കുന്നത്. സഭയുടെ ശക്തിമുഴുവൻ നിർഗ്ഗളിക്കുന്നതും അവിടെനിന്നു തന്നെയാണ് (ആരാധനക്രമം, No.10).

എന്നാൽ, ഇന്നു പല ഭക്താനുഷ്ഠാനങ്ങളും നടത്തപ്പെടുന്ന രീതി സൂനഹദോസിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ടാണെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് കൂദാശകളും ഭക്താനുഷ്ഠാനങ്ങളും തമ്മിലുള്ള ബന്ധവും അകൽച്ചയും ആരാധനക്രമ മതബോധനത്തിന്റെ സവിശേഷ പരിഗണനയ്ക്ക് വിഷയമാകണം. ആരാധനക്രമത്തിന്റെ ചില പ്രത്യേകതകൾ ഭക്താനുഷ്ഠാനങ്ങൾക്കുമുണ്ട്. ഉദാഹരണത്തിന്, അവയുടെ സാമൂഹികമാനം. മിക്കവാറും ഭക്താനുഷ്ഠാനങ്ങൾ സമൂഹപരമായിട്ടാണ് നടത്തപ്പെടുക. അവയ്ക്ക് ജനകീയ സ്വഭാവം (Popular nature) ഉള്ളതുകൊണ്ട് വിശ്വാസികളുടെ നിർലോപമായ സഹകരണം എളുപ്പത്തിൽ ലഭ്യവുമാണ്. മാത്രമല്ല, ഒരു വിശ്വാസസമൂഹത്തിന്റെ ആത്മീയ താത്പര്യങ്ങളും പ്രാദേശികാവശ്യങ്ങളും സംരക്ഷിക്കാൻ ഭക്താനുഷ്ഠാനങ്ങൾക്ക് സാധിക്കുകയും ചെയ്യും. അനുകൂലമായ ഇക്കാര്യങ്ങൾ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തണമെങ്കിൽ അജപാലകർക്കും സഭാസമൂഹത്തിനും ഇതു സംബന്ധിച്ച അറിവ് ബോധ

നത്തിലൂടെ ലഭ്യമാകണം. ഭക്താനുഷ്ഠാനങ്ങൾക്ക് സാർവ്വത്രികപ്രചാരമുള്ളതുകൊണ്ട് ഈ ബോധനം അടിയന്തിരപ്രാധാന്യമർഹിക്കുന്നു.

## ആരാധനക്രമവത്സരാചരണം

ആരാധനക്രമാനുഷ്ഠാനങ്ങളായി അറിയപ്പെടുന്നവ കൂദാശകൾ, കൂദാശാനുകരണങ്ങൾ, ആരാധനക്രമവത്സരാചരണം, യാമപ്രാർത്ഥനകൾ എന്നിവയാണല്ലോ. ഇവയിൽ കൂദാശകളെപ്പറ്റി മുകളിൽ സൂചിപ്പിച്ചു. ആരാധനക്രമവത്സരാചരണത്തെപ്പറ്റിയുള്ള മതബോധനം പ്രത്യേകമായി പരാമർശിക്കുക ആവശ്യമാണ്.

ഞായറാഴ്ചകളും തിരുനാളുകളും മറ്റും അനുസ്മരിക്കുക ആരാധനക്രമവത്സരത്തിലാണല്ലോ. യേശുവിന്റെ ജീവിതവുമായി ക്രൈസ്തവന്റെ ജീവിതത്തെ ബന്ധിപ്പിച്ച്, 'ക്രിസ്ത്യാനിയായി' (ക്രിസ്തുവിനെ അനുകരിക്കുന്നവനാ(ളാ)യി) ജീവിക്കാൻ സഭാംഗങ്ങളെ സഹായിക്കുന്ന സംവിധാനമാണ് ആരാധനക്രമവത്സരത്തിന്റേത്. ക്രിസ്തുവിനെ വെറുതെ 'അനുകരിക്കുക' എന്നതല്ല ഈ ആചരണത്തിന്റെ ഉദ്ദേശ്യം. മറിച്ച്, ദൈവപിതാവിന് സഭയില് സ്തുതിയും കൃതജ്ഞതയും അർപ്പിച്ചുകൊണ്ട് കൂട്ടായ്മയിൽ ജീവിക്കുകയും നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം ഈ ഭൂമിയിൽ യാഥാർത്ഥ്യമാക്കുകയും ചെയ്യുക എന്ന പരമോന്നതമായ ലക്ഷ്യമാണ് ആരാധനക്രമവത്സരത്തിന്റേത്. ഈ പ്രക്രിയയിൽ പരിശുദ്ധ കന്യകാമറിയവും വിശുദ്ധരുമൊക്കെ ആരാധകരുടെ കൂട്ടാളികളാണ്. വിശുദ്ധരുടെ തിരുനാളുകൾ ഘോഷിക്കുന്നതിന്റെ പ്രസക്തിയും അതുതന്നെ. യേശുവിന്റെ ജനനവും മരണവും ഉത്ഥാനവും രണ്ടാമത്തെ ആഗമനവും മറ്റും പ്രഘോഷിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ടാണ് ആരാധനക്രമവത്സരം പൂർത്തിയാക്കുക. ഇതേ ശൈലിയാണ് യാമപ്രാർത്ഥനകളിലും അനുവർത്തിക്കുന്നത്. അങ്ങനെ വർഷം മുഴുവനും ദൈവികരഹസ്യങ്ങളുമായി ബന്ധപ്പെട്ട് ക്രൈസ്തവ ജീവിതം പരിപോഷിപ്പിക്കാൻ സംവിധാനം ചെയ്തിട്ടുള്ള ആരാധനക്രമവത്സരം മതബോധനത്തിൽ പ്രാമുഖ്യമർഹിക്കുന്നു.

## ഉപസംഹാരം

ആരാധനക്രമവും മതബോധനവും തമ്മിലുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നതാണ് 1994–ൽ പ്രസിദ്ധീകരിച്ച "കത്തോലിക്കാ സഭയുടെ വേദ

പാഠം". 1566–ൽ ഇറങ്ങിയ 'റോമൻ വേദപാഠ'ത്തിന്റെ ഘടന തന്നെയാണ് ഈ പുതിയ വേദപാഠത്തിന്റേതെങ്കിലും, ഉള്ളടക്കത്തിൽ നിർണ്ണായകമായ വ്യതിയാനം ദൃശ്യമാണ്. ബൈബിളും സഭാപിതാക്കന്മാരും മാത്രമല്ല, പാശ്ചാത്യവും പൗരസ്ത്യവുമായ ആരാധനക്രമവും ഈ ഗ്രന്ഥത്തിന്റെ ഉറവിട(Source)മാണ്. ഏതാണ്ട് മൂന്നിൽ ഒന്ന് ഖണ്ഡികകളിൽ ലിറ്റർജിയെപ്പറ്റിയുള്ള പരാമർശമുണ്ട്. കൃത്യമായി പറഞ്ഞാൽ, ആകെയുള്ള 2865 ഖണ്ഡികകളിൽ 929 എണ്ണം. അക്കൂട്ടത്തിൽ ആരാധനക്രമത്തിലെ സാംസ്കാരികാനുരൂപണവും, ആരാധനക്രമവും മതബോധനവും തമ്മിലുള്ള ബന്ധവും ചർച്ചാവിഷയമായിട്ടുണ്ട്. ക്രിസ്തുരഹസ്യങ്ങളെപ്പറ്റി വിശ്വാസികളെ ആഴത്തിൽ പഠിപ്പിച്ച്, ദൃശ്യമായവയിൽ നിന്ന് അദൃശ്യമായവയിലേക്കും അടയാളങ്ങളിൽനിന്ന് അവയുടെ അർത്ഥതലങ്ങളിലേക്കും അവരെ നയിക്കാൻ പോരുന്ന ആരാധനക്രമാധിഷ്ഠിത മതബോധനം ആവശ്യമാണെന്ന് സാർവ്വത്രികവേദപാഠം അനുശാസിക്കുന്നു (ഖണ്ഡിക 1075). ഇതിന് ഉപയുക്തമായ വേദപാഠപുസ്തകങ്ങൾ രചിക്കുക പ്രാദേശികസഭയുടെ ദൗത്യമാണെന്നും ഈ ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട്, ആരാധനക്രമത്തിലൂടെ ക്രിസ്തുരഹസ്യങ്ങളിലേക്കും സഭാജീവിതത്തിലേക്കും നടന്നടുക്കുവാനുതകുന്ന മതബോധനരീതികൾ രൂപപ്പെടുത്തുക അത്യന്താപേക്ഷിതമാണ്.